# വൈദ്യുതിചാർജ് വർദ്ധനകൊണ്ട് എന്തു നേട്ടം?

ഡോ. സന്തോഷ് മോഹൻ, കോലഴി

കറന്റിൽ തൊട്ടാൽ ഷോക്കടിക്കുമെന്ന ഭീതി മറ്റൊരു തരത്തിൽ കേരളത്തിൽ ആകമാനം പടർന്നുപിടിക്കുന്നു. കഠിനമായ മാനസിക സംഘർഷത്തിനുവരെ വഴി തെളിച്ചേക്കാവുന്ന ഈ പ്രതിഭാസത്തിനു കാരണം കേരളത്തിലെ വൈദ്യുതിവകുപ്പിൽ നടപ്പാക്കുന്ന നയവൈകല്യങ്ങൾ മാത്രമെന്നറിയുമ്പോൾ, ചികിത്സിക്കേണ്ട രോഗി ഉപഭോക്താവോ അതോ വൈദ്യുതിവകുപ്പോ എന്ന ചിന്ത കാട്ടുകയറുന്നു.

മുമ്പത്തെ സ്ലാബ് സിസ്റ്റത്തിൽ ഉപഭോക്താവിന് ഭീതി പകർന്നിരുന്നത് ഇടക്കെത്തുന്ന എക്സ്ട്രാ ബില്ലുകൾ മാത്രമായിരുന്നു; എന്നാൽ ഇന്ന് ഓരോ മാസം കഴിയുന്തോറും അടുത്ത തവണ എത്ര രൂപകൂടി നൽകേണ്ടിവരുമെന്ന ചിന്തയിലൂടെ മനസ്വസ്ഥത നശിച്ചുകൊണ്ടിരിക്കുന്ന കേരള ജനതക്ക് ഇനി ആരാണാവോ മൃതസഞ്ജീവിനി പകർന്നുനൽകുന്നത്?

കമ്മീഷനായി വൻതുകകൾ ലക്ഷ്യം വച്ചു തുടങ്ങിയ തെർമൽ-ഡീസൽ താപ നിലയങ്ങളിൽ നിന്നുള്ള അനാവശ്യ കരാറുകൾ ആർക്കാണ് ഗുണം ചെയ്യുന്നത്? ഉല്പാദന ചിലവ് യൂണിറ്റിന് 3.58 രൂപയാണെന്നും ഉപഭോക്താക്കളിൽ നിന്ന് അതിലും കുറഞ്ഞ നിരക്കുകളാണ് ഈടാക്കുന്നതെന്നും മന്ത്രി തന്നെ പറയുന്നു. 4 രൂപക്കു വാങ്ങി 2 രൂപക്കു വിൽക്കാൻ കേരള സർക്കാർ ഒരു 'ഭ്രാന്ത' ആണെന്ന് ഒരു മലയാളിയും പറയില്ല. എന്നാൽ കച്ചവടസ്ഥാപനങ്ങളിൽ നിന്നും 6 രൂപ മുതൽ മുകളിലുള്ള നിരക്കാണ് യൂണിറ്റൊന്നിന് ഈടാക്കുന്നതെന്ന സത്യം ഇവിടെ മറച്ചുവയ്ക്കപ്പെടുന്നു.

എന്നാൽ 20 വർഷത്തിലേറെ കാലമായിട്ടും പൂർത്തിയാക്കാൻ കഴിയാത്ത കല്ലട പദ്ധതി പോലുള്ളവയിൽ വൻ അഴിമതികൾ തുടരുകയാണ്. ലക്ഷങ്ങൾ മാത്രം ലക്ഷ്യമിട്ടു തുടങ്ങിയ കല്ലട പദ്ധതി കോടികൾ കടന്നിട്ടും ഇന്നും പൂർത്തിയാകാത്തതിന് അതിന്റെ നിർമ്മാണപ്രക്രിയകളിൽ മുമ്പിൽ നിന്നവർ മറുപടി പറഞ്ഞേ മതിയാകൂ. ഇത്തരം പുതിയ കഥകളിലേക്ക് കുറ്റ്യാടിയും ചിമ്മിനി ഡാമുമെല്ലാം വന്നുകൊണ്ടിരിക്കുന്നു.

ഇതിനിടയിൽ കേരളത്തിലെ നദികളിലെ വെള്ളം ആരും അറിയാതെയോ ചിലർ മാത്രമറിഞ്ഞോ കടത്തിക്കൊണ്ടു പോയി വൈദ്യുതി ഉല്പാദിപ്പിക്കുന്ന തമിഴ്നാടിന്റെ രാഷ്ട്രീയ തന്ത്രം കേരളം തിരിച്ചറിയേണ്ടിയിരിക്കുന്നു.

വൈദ്യുതി ബോർഡിന്റെ നഷ്ടത്തിനുത്തരവാദി അതിന്റെ ഭരണതലപ്പത്തിരിക്കുന്നവർ മാത്രമാണ്. വൈദ്യുതി ബോർഡിൽ 28,000 ജീവനക്കാരിൽ 3000 പേർ അധികപറ്റാണെന്ന് ബോർഡ് ചെയർമാൻ തന്നെ വെളിപ്പെടുത്തിയിട്ടും, അവരെ എന്തു ചെയ്യണമെന്ന് തീരുമാനിക്കാൻ ഇതു വരെ കഴിഞ്ഞിട്ടില്ല. നഷ്ടം എന്നു പറഞ്ഞ് വൈദ്യുതിചാർജ് വർദ്ധിപ്പിക്കും മുമ്പ് ഇത്തരം അധിക ജീവനക്കാരെ മറ്റു വകുപ്പുകളിൽ പുനർവിന്യസിക്കാനോ നിർബന്ധ പെൻഷൻ നൽകാനോ സർക്കാരിനു ചിന്തിക്കാവുന്നതാണ്.

പുതിയ പ്രഖ്യാപനങ്ങൾ ഉപഭോക്താവിനെ ഞെട്ടിക്കുന്നവ തന്നെയാണ്. വൈദ്യുതി ലഭിക്കാനായി 2000-3000/- ഒക്കെ ആദ്യം നൽകിയവർ മീറ്ററിനും, അധികമായി സ്ഥാപിച്ച പോസ്റ്റിനും കമ്പിക്കുമെല്ലാം വില നൽകി കഴിഞ്ഞതല്ലേ. ഇപ്പോൾ ഈ ഗണത്തിനെല്ലാം വാടക ഈടാക്കാനുള്ള തന്ത്രം, ആരുടെ ബുദ്ധിയിലുദിച്ചതാണെന്നറിയില്ല. 11 മാസം മുമ്പ് 60% വൈദ്യുതിചാർജ് വർദ്ധിപ്പിക്കണം എന്നു പറഞ്ഞ് ബോർഡു സമർപ്പിച്ച രേഖ, ആന്റണി സർക്കാർ ജനത്തെ ഭയന്ന് പൂഴ്ത്തിവച്ചതും, 25% വർദ്ധനവിലൊതുക്കിയതും നാം കണ്ടുകഴിഞ്ഞതാണല്ലോ. ഇപ്പോൾ 10-30 രൂപ വരെ ഓരോ മാസവും മീറ്ററിനു 'വാടക' നൽകാൻ ഉപഭോക്താവു നിർബന്ധിതനാകുന്നു. താൽക്കാലിക കണക്ഷൻ ആണെന്നതോ, വൈദ്യുതിബന്ധം തൽക്കാലം വിച്ഛേദിച്ചിരിക്കുന്നു എന്നതോ ഇതിനു തടസ്സമല്ല. ഇതിനെതിരെ കോടതിയെ സമീപിച്ച എറണാകുളംകാരായ മൂന്നുപേർക്ക് കോടതി ഇതിൽ ഇളവനുവദിച്ചിരിക്കുന്നു. പൊതുവായ ഒരു പ്രശ്നത്തിൽ നിയമതുല്യത ആയിരുന്നില്ലേ നൽകേണ്ടിയിരുന്നത്?

അറുപതു ലക്ഷം ഉപഭോക്താക്കളിൽ നിന്നും ബോർഡ് പ്രതിമാസം 7 കോടി രൂപയോളം ഈ വാടകയിനത്തിൽ വരുമാനം പ്രതീക്ഷിക്കുന്നു. നിലവിലുള്ള കേടായ മീറ്ററുകൾ നന്നാക്കിയാൽ മാത്രം 20 കോടി രൂപ പ്രതിമാസം ബോർഡിന് അധികമായി ലഭിക്കുന്നതാണ്. പല വൻകിടസ്വകാര്യസ്ഥാപനങ്ങളും മുൻസിപ്പാലിറ്റികളും പഞ്ചായത്തുകളും നൽകാനുള്ള കുടിശ്ശിക തന്നെ 1000 കോടിയിലേറെയാണ്. അതിനിടയിൽ 2 രൂപയുടെ ഫോമിന് 50 രൂപ വരെയാക്കുന്ന തന്ത്രവും വൈദ്യുതിബോർഡ് കാണിച്ചു തന്നിരുന്നു.

സ്ലാബ് സിസ്റ്റം വഴി ഉപയോഗിക്കാത്ത വൈദ്യുതിക്കു വരെ പണം ഈടാക്കിയിരുന്നതൊഴിവാക്കിയാണല്ലോ സ്പോട്ട് ബില്ലിങ്ങ് നടപ്പാക്കിയത്. ഇടക്ക് കാർഡുകളുടെ പ്രഖ്യാപനപ്രളയത്തിനിടയിൽ വൈദ്യുതിബോർഡ് ഉപഭോക്താവിൽ നിന്ന് നിർബന്ധമായി എഴുതിവാങ്ങിയ പ്ലഗ് പോയിന്റ്, ബൾബുകൾ, മറ്റു വൈദ്യുതോപകരണങ്ങൾ ഇവയുടെ കണക്കുകൊണ്ട് പുതിയൊരു ഭീഷണി തന്ത്രവും താട്ടുതന്നെ നടപ്പിലാക്കാനുള്ള ആലോചനകൾ നടക്കുന്നു.

ഇത്തവണ 60%നു പകരം 25% വൈദ്യുതിചാർജു മാത്രം വർദ്ധിപ്പിച്ച് ജനങ്ങളെ രക്ഷിക്കുകയാണെന്നു പറഞ്ഞ മുഖ്യമന്ത്രി മറ്റൊരു സത്യം മറച്ചുവെക്കുകയായിരുന്നു. ഇപ്പോഴത്തെ സ്ഥിതിക്ക് 25%മല്ല 60% കൂടിയാൽ പോലും വൈദ്യുതിബോർഡ് നന്നാവില്ലെന്നതും കടം തീരുമായിരുന്നില്ലെന്നതും. പിന്നെയിപ്പോൾ ആർക്കുവേണ്ടിയാണ് വീണ്ടും വൈദ്യുതിചാർജ് വർദ്ധനക്കു ശ്രമിക്കുന്നത് ?